## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1191 | 02/05/2017-ൽ മറുപടിയ്ക്ക്

### ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ആനയറയിലെ ജില്ലാ സംഭരണകേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം ആനയറയിലെ ജില്ലാ സംഭരണകേന്ദ്രത്തിൽ പച്ചക്കറി സംഭരിക്കുന്നത് ഇപ്പോൾ എവിടെനിന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) ആനയറ ജില്ലാ സംഭരണ കേന്ദ്രത്തിൽ പച്ചക്കറി സംഭരിക്കുന്ന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം ജില്ലയിലെ വി.എഫ്.സി.കെ. യുടെ പാറശ്ശാല, ചെങ്കൽ, കാട്ടാക്കട, പെരുമ്പഴുതൂർ, കൊല്ലയിൽ തുടങ്ങിയ കർഷക വിപണികൾ.<br>2. കൃഷി വകുപ്പിന് കീഴിലുള്ള നല്ലൂർവട്ടം, തിരുപുറം, വാമനപുരം തുടങ്ങിയ സ്ഥലങ്ങളിലെ ഫെഡറേറ്റഡ് മാർക്കറ്റുകൾ.<br>3. ആനയറ, നെടുമങ്ങാട് തുടങ്ങിയ കാർഷിക മൊത്തവ്യാപാര വിപണികൾ.<br>4. ആലപ്പുഴ ജില്ലയിലെ വെൺമണി കൃഷി ഭവനിലെ കർഷക വിപണി.<br>5. തൃശ്ശൂർ ജില്ലയിലെ ആളൂർ, മറ്റത്തൂർ, കുഴൂർ വിപണികൾ.<br>6. വയനാട് ജില്ലയിലെ നീർവാരം, കണിയാംപറ്റ, പനമരം തുടങ്ങിയ കർഷക വിപണികൾ.<br>7. കോഴിക്കോട് ജില്ലയിലെ വിവിധ വി.എഫ്.സി.കെ. വിപണികൾ.<br>8. റേയ്തമിത്ര ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, മൈസൂർ.<br>9. കുറിഞ്ഞി അഗ്രോ സൊസൈറ്റി, ചെങ്കളകുറിച്ചി, തിരുനെൽവേലി.<br><br>ഇതിനു പുറമെ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രത്തിൽ നേരിട്ട് എത്തിക്കുന്ന കർഷകരിൽ നിന്നും കർഷക സംഘങ്ങളിൽ നിന്നും പച്ചക്കറി സംഭരിക്കുന്നു. |

(contd..........)

| | | | |
|---|---|---|---|
| ബി) | മുമ്പ് ഇവിടെ പച്ചക്കറി വിതരണം ചെയ്ത ഇടനിലക്കാർ തന്നെയാണ് ഇപ്പോഴും പച്ചക്കറി നൽകുന്നത് എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഇതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | ബി) | ഇടനിലക്കാരെ ഒഴിവാക്കിയാണ് ഇപ്പോൾ ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിക്കുന്നത്. കേരളത്തിലെ കർഷകർ ഉദ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ടാണ് ഹോർട്ടികോർപ്പ് സംഭരിക്കേണ്ട-തെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇവിടെ ആവശ്യത്തിന് ഉദ്പാദിപ്പിക്കാത്തതും തീരെ ഉദ്പാദനം ഇല്ലാത്തതുമായ പച്ചക്കറികൾ മറ്റ് സ്റ്റേറ്റുകളിൽ നിന്നും സംഭരിക്കുന്നതിന് സംസ്ഥാനത്തെ നാല് മേഖലകളായി തിരിച്ച് ആവശ്യകതക്കനുസരിച്ച് സുതാര്യത ഉറപ്പ വരുത്തിക്കൊണ്ടും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ടും ഉദ്യോഗസ്ഥതല കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളാണ് ആവശ്യാനുസൃതം സംഭരണം ഇപ്പോൾ നടത്തുന്നത്.<br><br>ഇടനിലക്കാർ മുഖേന പച്ചക്കറി സംഭരിക്കുന്നതിന് ഉദ്യോഗസ്ഥർ കൂട്ടു നിൽക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത കർശനനടപടി സ്വീകരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ